# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.145/2024 തിരുവനന്തപുരം, തീയതി: 01/07/2024

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദ പ്രവേശനം 2024 – 25**
**സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 01.07.2024 മുതൽ 10.07.2024 വരെ അവസരം.**

ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും 01.07.2024 മുതൽ 10.07.2024 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്.
നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/ സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (**Reconsider**) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്കും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർക്കും, നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം ഓപ്ഷനുകൾ നൽകേണ്ടതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

ആദ്യ മൂന്ന് ഘട്ട അലോട്മെന്റുകളിലും അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്, പുതിയ ഓപ്ഷനുകൾ നൽകുന്ന വിദ്യാർത്ഥികളുടെ മുൻ അലോട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസലാകുന്നതാണ്. ടി

വിദ്യാർത്ഥികൾ പുതിയ ഓപ്ഷനുകൾ നൽകാത്തപക്ഷം ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും ഈ അലോട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്.

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും( **options for supplementary allotment**) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷൻസ് നൽകുന്നതിന് അവസരം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് (**Aided**) കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 01.07.2024 മുതൽ 10.07.2024 വരെ ഓപ്ഷൻസ് നൽകാവുന്നതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരുംഅഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

## പാർട്ട് III ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ – വൈവവോസി 2024 ജൂലൈ 6 ന്

കേരളസർവകലാശാല 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ പാർട്ട് III ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ആന്വൽ സ്കീം (ഏപ്രിൽ 2024 സെഷൻ) പരീക്ഷയുടെ വൈവവോസി 2024 ജൂൺ 7 ന് നടത്തിയിരുന്നു. അന്നേ ദിവസം പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്കായി ടി പരീക്ഷ 2024 ജൂലൈ 6 ശനിയാഴ്ച രാവിലെ 9.30 മുതൽ യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ വച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നു.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021, 2020, 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂലൈ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ഗ്രൂപ്പ് 2 (a) ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്

(328) (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂലൈ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (വേൾഡ് ഹിസ്റ്ററി ആന്റ് ഹിസ്റ്റോറിയോഗ്രഫി) ന്യൂ ജനറേഷൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ www.slcm.keralauniversity.ac.in മുഖേന 2024 ജൂലൈ 9 ന് മുൻപ് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്സി. എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് 216, ബി.എസ്സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241) (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2021 അഡ്മിഷൻ & മേഴ്സിചാൻസ് – 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയ ത്തിനും സൂക്ഷ്മപരിശോധന യ്ക്കും 2024 ജൂലൈ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2021 അഡ്മിഷൻ & മേഴ്സിചാൻസ് - 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂലൈ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. ഇതിനായി വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക് ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ സർവകലാശാല ഓഫീസിൽ ഹാജരാകേണ്ട തീയതി സംബന്ധിച്ച വിവരം പത്രക്കുറിപ്പിൽ അല്ലെങ്കിൽ സർവകലാശാല വെബ്സൈറ്റ് മുഖേന അറിയിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (റെഗുലർ – 2020 സ്കീം – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 സ്കീം – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2011 സ്കീം – 2018, 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2011 സ്കീം – 2011 - 2016 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂലൈ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല 2024 ജൂലൈയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ പഞ്ചവർഷ എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2022 & 2015 സ്കീം – റെഗുലർ, സപ്ലിമെന്ററി & മേഴ്സിചാൻസ്) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2024 ജൂലൈ 29 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഇന്റലെക്ചൽ ഡിസെബിലിറ്റി) (2015 സ്കീം – റെഗുലർ – 2023 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ 2024 ജൂലൈ 6 വരെയും 150 രൂപ പിഴയോടെ ജൂലൈ 9 വരെയും 400 രൂപ പിഴയോടെ ജൂലൈ 11 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ആഗസ്റ്റ് 19 ന് ആരംഭിക്കുന്ന നാല്, ആറ്, എട്ട് സെമസ്റ്റർ (പെയിന്റിംഗ്, അപ്ലൈഡ് ആർട്ട്), പത്താം സെമസ്റ്റർ (പെയിന്റിംഗ്, അപ്ലൈഡ് ആർട്ട്), ബി.എഫ്.എ. (HI) (2013 സ്കീം – റെഗുലർ, സപ്ലിമെന്ററി & മേഴ്സിചാൻസ് – 2000 അഡ്മിഷൻ മുതൽ) പരീക്ഷകൾക്ക് പിഴകൂടാതെ 2024 ജൂലൈ 5 വരെയും 150 രൂപ പിഴയോടെ ജൂലൈ 9 വരെയും 400 രൂപ പിഴയോടെ ജൂലൈ 11 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ ഡിപ്ലോമ കോഴ്സ് (2024 അഡ്മിഷൻ) അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ ഡിപ്ലോമ (2024 അഡ്മിഷൻ) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: സർവകലാശാല ബിരുദവും ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ്, കോഴ്സ് ഫീ: Rs. 2153 /-, കാലയളവ് : ഒരു വർഷം, അപേക്ഷാ ഫീസ്: 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- രൂപയുമാണ് **(payable at University Cash Counter or Online).** പൂരിപ്പിച്ച അപേക്ഷകൾ 2024 ജൂലൈ 22 ന് വൈകുന്നേരം 4.30 വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിലെ ജർമ്മൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷാഫോം നേരിട്ട് ജർമ്മൻ പഠന വിഭാഗത്തിൽ നിന്നോ അല്ലെങ്കിൽ ജർമ്മൻ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.

## കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ് (2024 അഡ്മിഷൻ) അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് (2024 അഡ്മിഷൻ) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: സർവകലാശാല ബിരുദം, കോഴ്സ് ഫീ: Rs. 2153/-, കാലയളവ് : ഒരു വർഷം, അപേക്ഷാ ഫീസ്: 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- രൂപയുമാണ് **(payable at University Cash Counter or Online).** പൂരിപ്പിച്ച അപേക്ഷകൾ 2024 ജൂലൈ 22 ന് വൈകുന്നേരം 4.30 വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിലെ ജർമ്മൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷാഫോം നേരിട്ട് ജർമ്മൻ പഠന വിഭാഗത്തിൽ നിന്നോ അല്ലെങ്കിൽ ജർമ്മൻ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.

## കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A1 (ഡ്യൂഷ് A1) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A1 (ഡ്യൂഷ് A1) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: പ്ലസ് ടു, കോഴ്സ് ഫീ: Rs. 8000/-, കാലയളവ് : 80 മണിക്കൂർ (2 മുതൽ 3 മാസം) സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 7.30 മുതൽ 9 മണി വരെ, ആകെ സീറ്റ്: 30, അപേക്ഷാ ഫീസ്: 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- രൂപയുമാണ് **(payable at University Cash Counter or Online).** അപേക്ഷാ ഫോം ജർമ്മൻ ഡിപ്പാർട്ട്മെന്റ് (യൂണിവേഴ്സിറ്റി) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. [https://www.keralauniveresity.ac.in/dept/dept-home](https://www.keralauniveresity.ac.in/dept/dept-home) പൂരിപ്പിച്ച അപേക്ഷകൾ 2024 ജൂലൈ 22 ന് വൈകുന്നേരം 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിലെ ജർമ്മൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

| |
|---|
| *University information is available on* **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |